Draft #1 of File 80418/EA 2-2/2020/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 30-Mar-2021 08:07 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാലാ പരീക്ഷകൾ -പുനർമൂല്യനിർണ്ണയ നടപടികൾ പൂർത്തിയാക്കാത്തതിനാൽ പൊസിഷൻ സർട്ടിഫിക്കറ്റ് നൽ കുന്നതിൽ നേരിടുന്ന കാലതാമസം -പരിഹാര നിർദേശങ്ങൾ - വൈസ് ചാൻസലർ അംഗീകരിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**പരീക്ഷാ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 1887/EA 2/2021/എം.ജി.യു　　　　　പ്രിയദർശിനി ഹിൽസ്,തീയതി: 31.03.2021

---

*പരാമർശം:*-1. 21.12.2020 തീയതിയിലെ പരീക്ഷാ കൺട്രോളറുടെ കുറിപ്പ് .

2. 07.03.2020 തീയതിയിലെ സർവ്വകലാശാലാ ഉത്തരവ് നം. 1373/CBCSS 8/2020/എം.ജി.യു .

3. വൈസ് ചാൻസലറുടെ 19.03.2021തീയതിയിലെ ഉത്തരവ്.

**ഉത്തരവ്**

സർവ്വകലാശാലാ പരീക്ഷകളുടെ ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയത്തിനുള്ള അപേക്ഷകൾ /ഉത്തരക്കടലാസുകൾ എന്നിവ കാണാതാകുന്നത് പോലുള്ള സാഹചര്യങ്ങളാൽ പുനർമൂല്യനിർണയ പ്രക്രിയ നീണ്ടുപോവുകയും, അന്തിമ സ്ഥാനപട്ടിക തയ്യാറാക്കുവാൻ സാധിക്കാതെ വരികയും ചെയ്യുന്നു. പുനർമൂല്യനിർണ്ണയ നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ അന്തിമ സ്ഥാനപട്ടിക തയ്യാറാക്കുവാൻ സാധിയ്ക്കുകയുള്ളു. പ്രസ്തുത സാഹചര്യത്തിൽ 15.02.2020 ചേർന്ന സിൻഡിക്കേറ്റ് യോഗത്തിൽ അന്തിമ സ്ഥാനപട്ടിക തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നിർദേശങ്ങൾ സമർപ്പിക്കുന്നതിന് പരീക്ഷാ കൺട്രോളറെ ചുമതലപെടുത്തുകയുണ്ടായി.

അതിനനുസരിച്ച് പരാമർശം (1) പ്രകാരം സമർപ്പിച്ച താഴെ സൂചിപ്പിച്ചിരിക്കുന്ന നിർദേശങ്ങൾ 1985 - ലെ മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 3.10 (17) പ്രകാരം (പരാമർശം 3) വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

1. പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിച്ചിരിക്കുന്ന വിദ്യാർത്ഥിയുടെ ഉത്തരക്കടലാസ് നഷ്ടമായാൽ ടിയാൾക്ക് ഫീസ് ഈടാക്കാതെ പ്രത്യേക പരീക്ഷ നടത്തി ,പ്രസ്തുത പരീക്ഷയുടെ ഫലം പുനർമൂല്യനിർണ്ണയ ഫലമായി കണക്കാക്കുന്ന നിലവിലെ ചട്ടപ്രകാരമുള്ള നടപടി തുടരേണ്ടതാണ്.

2. സ്ഥാനപട്ടികയിൽ ഉൾപ്പെടാത്ത വിദ്യാർത്ഥികളുടെ അപേക്ഷ / ഉത്തരക്കടലാസ് എന്നിവ നഷ്ടമാകുന്നത് മൂലം പുനർമൂല്യനിർണ്ണയ നടപടികൾ പൂർത്തിയാക്കുവാൻ കഴിയാതെവരുന്ന സാഹചര്യത്തിൽ ടി വിദ്യാർത്ഥികൾക്ക് പ്രസ്തുത വിഷയത്തിന്റെ പരമാവധി മാർക്ക് നൽകിയാലും സ്ഥാനപട്ടികയ്ക്ക് വ്യത്യാസം സംഭവിയ്ക്കുന്നില്ല എങ്കിൽ, സ്ഥാനപട്ടിക സ്ഥിരപ്പെടുത്തേണ്ടതാണ് . പരീക്ഷാഫല പ്രഖ്യാപനം കഴിഞ്ഞ് രണ്ട് വർഷത്തിനുള്ളിൽ ഇത് സംബന്ധിച്ച നടപടികൾ പൂർത്തിയാക്കി സ്ഥാനപട്ടിക അന്തിമമാക്കേണ്ടതാണ്.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീകൃഷ്ണകുമാർ ജി

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി. എ മാർ
3. CE's സെക്ഷൻ
4. എല്ലാ ജെ .ആർ/ ഡി.ആർ/എ .ആർ (പരീക്ഷ)
5. എല്ലാ ടാബുലേഷൻ / EJ സെക്ഷനുകൾ
6. ഐ.ക്യു.എ.സി/കണ്ടന്റ് മാനേജ്മെന്റ് സെക്ഷനുകൾ
7. സ്റ്റോക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 80418/EA 2-2/2020/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 30-Mar-2021 08:07 PM - Page 2